XIII. നിയമസഭാ സെക്രട്ടറി (ശ്രീ. പി. ഡി. രാജൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസ് മേശപ്പുറത്തുവയ്ക്കുന്നു.

2010-ലെ കേരള ധന വിനിയോഗ (4-ാം നമ്പർ) ആക്ട് (2011-ലെ 1-ാം ആക്ട്).

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

VI റിപ്പോർട്ട് സമർപ്പണം

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): 2011-ലെ കേരള പൊതുപാതകൾ (സംഘം ചേരലിനും ജാഥകൾക്കും നിയന്ത്രണം ഏർപ്പെടുത്തൽ) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കുന്നു.

ശ്രീ. സി. എം. ദിനേശ് മണി: സർ, ലോക്കൽ ഫണ്ട് അക്കൗണ്ട്സ് സംബന്ധിച്ച സമിതിയുടെ മുപ്പത്തിയഞ്ച് മുതൽ മുപ്പത്തിയെട്ട് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ: സർ, മുതിർന്ന പൗരൻമാരുടെ ക്ഷേമം സംബന്ധിച്ച സമിതിയുടെ ഒന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു..

ശ്രീ. കെ. വി. കുഞ്ഞിരാമൻ: സർ, അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ ഇരുപത്തിയെട്ടാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

മി. സ്പീക്കർ: ഓർഡർ....ഓർഡർ..... നിയമനിർമ്മാണം

ശ്രീ. ആനത്തലവട്ടം ആനന്ദൻ: സർ, എന്റെ വിശദീകരണം കഴിഞ്ഞ് അതിലേയ്ക്ക് പോകാം. .... (ബഹളം)....

മി. സ്പീക്കർ: ശ്രീ. ആനത്തലവട്ടം ആനന്ദൻ, അങ്ങേയ്ക്ക് പിന്നീട് പറയാം.

VII നിയമനിർമ്മാണകാര്യം

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2011-ലെ കേരള പൊതുപാതകൾ (സംഘം ചേരലിനും ജാഥകൾക്കും നിയന്ത്രണം ഏർപ്പെടുത്തൽ) ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയവും അനന്തരനടപടികളും

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2011-ലെ കേരള പൊതു പാതകൾ (സംഘം ചേരലിനും ജാഥകൾക്കും നിയന്ത്രണം ഏർപ്പെടുത്തൽ) ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഇന്നലെയുണ്ടായ ധാരണ പ്രകാരം ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവ് സംസാരിച്ചതിനുശേഷം ഞാൻ സംസാരിക്കാം.

ശ്രീ. ജി. കാർത്തികേയൻ: സർ, ഇത്തരം ഒരു ബിൽ നിയമമാക്കേണ്ട സാഹചര്യം നമ്മുടെ സംസ്ഥാനത്ത് സംജാതമായിരിക്കുകയാണ്. ഇതൊന്നും ഹൈക്കോടതി വിധിയുടെ നിരീക്ഷണങ്ങൾക്കോ വിധിക്കോ എതിരാണെന്ന് നമ്മളാരും കരുതുന്നില്ല. പരിമിതമായ സമയത്തിനുള്ളിൽ ഇതിന്റെ വിശദാംശങ്ങളിലേയ്ക്കൊന്നും പോകേണ്ട കാര്യമില്ല. ഇത് പാസ്സാക്കിവരുമ്പോൾ നമ്മുടെ നാട്ടിലെ രാഷ്ട്രീയ പ്രസ്ഥാനങ്ങളും സംഘടനകളും മതങ്ങളും സമുദായങ്ങളും വളരെ ആത്മസംയമനത്തോടുകൂടി ഈ നിയമത്തെ കാണണം എന്നാണ് നാം ആഗ്രഹിക്കുന്നത്. ഇതിന്റെയൊന്നും പരിധികൾ വിടാൻ പാടില്ല. ജനങ്ങളുടെ സഞ്ചാര സ്വാതന്ത്ര്യം സംരക്ഷിക്കേണ്ട ഉത്തരവാദിത്തം തീർച്ചയായും നമുക്കുണ്ട്. എന്നാൽ ആവശ്യമായ നമ്മുടെ സംഘടനാ പ്രവർത്തനവും വർഷങ്ങളായി നിലനിൽക്കുന്ന ആചാരങ്ങളും അനുഷ്ഠാനങ്ങളും രാഷ്ട്രീയ പ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങളുമെല്ലാം അതിന്റെ ലക്ഷ്മണ രേഖ വിടാതെ നിയമത്തിനുള്ളിൽ നിന്നുകൊണ്ട്, നിയമവിധേയമായി പ്രവർത്തിക്കാൻ തീർച്ചയായും ബന്ധപ്പെട്ട ആളുകളെല്ലാം ബാദ്ധ്യസ്ഥരാണ്. അതുകൊണ്ട് ഇത് അത്യാവശ്യമായ ഒന്നുതന്നെയാണ്. ഒരു ബിൽ പാസ്സായി നിയമമാകുമ്പോൾ ഇത്തരമൊരു സൗകര്യമായെടുത്തുകൊണ്ട് നമ്മുടെ നാട്ടിലെ രാഷ്ട്രീയപ്രസ്ഥാനങ്ങളും മതസംഘടനകളും സമുദായങ്ങളും ആ പരിധി വിടാതിരിക്കാനുള്ള ഒരു ശ്രമമുണ്ടാകണം. തീർച്ചയായും അതെല്ലാം നിയന്ത്രണവിധേയമാക്കേണ്ടതു തന്നെയാണ്. അതുകൊണ്ട് ഈ ബിൽ നിയമമാകേണ്ടത് ആവശ്യമാണ്. ഇപ്പോഴത്തെ സാഹചര്യത്തിൽ അത് അത്യാവശ്യമാണെന്ന് വന്നിരിക്കുന്നു. അത് പ്രധാനമായിട്ടും വന്നതുതന്നെ ആറ്റുകാൽ പൊങ്കാല, വെട്ടുകാട് ദേവാലയത്തിലെ ഉത്സവം. ബീമാപള്ളി ഉറൂസ് ഇങ്ങനെ വ്യത്യസ്ത സമുദായങ്ങളെല്ലാംതന്നെ വരും. അതുകൊണ്ട് ഇത് എല്ലാവർക്കും വേണ്ടിയുള്ളതാണ്. ഏത് നിയമവും മനുഷ്യനുവേണ്ടി, മനുഷ്യന്റെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടിയുള്ളതാകണം. ഇത് ജനാധിപത്യ കാലമാണ്. തീർച്ചയായും അതുകൊണ്ട് ഈ ബിൽ അത്യന്താപേക്ഷിതമാണ്.

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): സർ, ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ നിന്നും സുപ്രീം കോടതിയിൽ നിന്നും ഉണ്ടായിട്ടുള്ള വിധിയെത്തുടർന്നാണ് ഒരു പ്രത്യേക സാഹചര്യം നമ്മുടെ സംസ്ഥാനത്ത് വന്നുചേർന്നത്. ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവ് ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ ആരാധനാലയങ്ങളുമായി ബന്ധപ്പെട്ട ഉത്സവങ്ങൾ, വിവിധ മതവിഭാഗങ്ങളുടെ ഉൽസവങ്ങളും ആഘോഷ പരിപാടികളുമൊക്കെ സംസ്ഥാനത്ത് റോഡുകൾ ഉപയോഗിച്ചുകൊണ്ടാണ് നടക്കുന്നത്. അതിനൊക്കെ നിയന്ത്രണം ഏർപ്പെടുത്തുകയും പോലീസ് ഇടപെടുകയും ചെയ്യുന്ന സ്ഥിതിവിശേഷം വന്നാൽ അത് അനിതരസാധാരണമായ ഒരു സ്ഥിതിവിശേഷം സംസ്ഥാനത്തുണ്ടാക്കാനിടയുണ്ട്. രാഷ്ട്രീയ പാർട്ടികൾ, ബഹുജന പ്രസ്ഥാനങ്ങൾ ഇവരെല്ലാംതന്നെ അഭിപ്രായ പ്രകടനത്തിനുവേണ്ടി വിവിധ രീതിയിലുള്ള മാർഗ്ഗങ്ങൾ സ്വീകരിക്കാറുണ്ട്.

എന്നാൽ അതൊന്നുംതന്നെ അതിർ കടക്കാൻ പാടില്ല. ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവ് ഉദ്ദേശിച്ചത് അതാണെന്നു തോന്നുന്നു. സഞ്ചാര സ്വാതന്ത്ര്യത്തെ അടിസ്ഥാനമാക്കിയാണ് ഹൈക്കോടതിയും സുപ്രീം കോടതിയും ഈ വിധി പ്രഖ്യാപിച്ചിട്ടുള്ളത്. എന്നാൽ സമാധാനപരമായി സംഘം ചേരാനുള്ള അവകാശം ഫണ്ടമെന്റൽ റൈറ്റ്സായി അംഗീകരിച്ചതാണ്. അതുപോലെതന്നെ അഭിപ്രായ സ്വാതന്ത്ര്യം. ഇതും ഭരണഘടന ഉറപ്പുനൽകുന്നതാണ്. ഇതൊക്കെത്തന്നെ സംരക്ഷിക്കാനുള്ള ബാധ്യത ഭരണകൂടങ്ങൾക്കുണ്ട്. അത് കണക്കിലെടുത്തുകൊണ്ടാണ് ഇതു സംബന്ധിച്ച് ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തിക്കൊണ്ട് ഡിസ്ട്രിക്ട് പോലീസ് സൂപ്രണ്ടിനും കളക്ടർമാർക്കും ഇതുസംബന്ധിച്ച് അധികാരം നൽകിക്കൊണ്ട് അനുവാദം കൊടുക്കാനുള്ള ഒരു നടപടിയിലേയ്ക്ക് നാം നീങ്ങുന്നത്. അതോടൊപ്പംതന്നെ ഈ ആക്ട് പ്രകാരം അനുവദിക്കപ്പെട്ട ലൈസൻസ് പ്രകാരമല്ലാതെ ഏതൊരാളും ഏതെങ്കിലും പൊതുനിരത്തിൽ പൊതുജനങ്ങൾക്ക് തടസ്സം വരുത്തുകയോ അത്തരം പ്രവർത്തനങ്ങളിൽ ഏർപ്പെടുകയോ ലൈസൻസിലെ നിബന്ധനകൾ ലംഘിക്കുകയോ ചെയ്യുകയാണെങ്കിൽ ഒരു വർഷം വരെയുള്ള തടവിനോ തടസ്സപ്പെടുത്തൽ മൂലമുണ്ടാകുന്ന നഷ്ടത്തിനോ അസൗകര്യത്തിനോ ആനുപാതികമായ പിഴയ്ക്കോ രണ്ടിനുമോ ശിക്ഷ ലഭിക്കത്തക്ക വിധത്തിലുള്ള വകുപ്പും ഇതിനകത്ത് ഉൾപ്പെടുത്തിയിട്ടുണ്ട്. അതുകൊണ്ട് ഭരണപക്ഷവും പ്രതിപക്ഷവും ഒന്നിച്ച് എടുത്ത ഒരു തീരുമാനത്തിന്റെ ഭാഗമായിട്ടാണ് നമ്മുടെ നിയമസഭ ഒരു പുതിയ കീഴ്വഴക്കം തന്നെ സൃഷ്ടിച്ചുകൊണ്ട് ഈ നിയമനിർമ്മാണം പാസ്സാക്കേണ്ടത്. തിരുവനന്തപുരത്തെ സംബന്ധിച്ചിടത്തോളം ആറ്റുകാൽ പൊങ്കാല വളരെ പ്രധാനപ്പെട്ട ഒരു ഉത്സവമാണ്. അതുമായി ബന്ധപ്പെട്ട് ഹൈക്കോടതിയിൽതന്നെ കേസ് വന്നിട്ടുണ്ട്. നോട്ടീസൊക്കെ വന്നു കഴിഞ്ഞു. ഈ സാഹചര്യങ്ങളിൽ നമുക്ക് ഇത്തരം കാര്യങ്ങളെല്ലാം കണക്കിലെടുത്തുകൊണ്ട് ചെയ്യണമെന്ന ഒരു പൊതുവികാരത്തിന്റെ ഫലമായിട്ടാണ് പ്രതിപക്ഷം കൂടി അംഗീകരിച്ചുകൊണ്ട് ഇത്തരത്തിലൊരു നിയമനിർമ്മാണം നമുക്ക് ചർച്ച കൂടാതെ പാസ്സാക്കാനുള്ള സാഹചര്യമുണ്ടായിരിക്കുന്നത്. ഇത് പാസ്സാക്കണമെന്ന് എല്ലാവരോടും ഞാൻ പ്രത്യേകം അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2011-ലെ കേരള പൊതു പാതകൾ (സംഘം ചേരലിനും ജാഥകൾക്കും നിയന്ത്രണം ഏർപ്പെടുത്തൽ) ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പരിഗണനയ്ക്കെടുക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

വകുപ്പുതിരിച്ചുള്ള പരിഗണന

2 മുതൽ 10 വരെയുള്ള വകുപ്പുകൾ

മി. സ്പീക്കർ: ഭേദഗതിയില്ല.

2 മുതൽ 10 വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

2 മുതൽ 10 വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമായിരിക്കുന്നു.

1-ാം വകുപ്പും ഹീഠികയും പേരും

മി. സ്പീക്കർ: ഭേദഗതിയില്ല.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

1-ാം വകുപ്പും ഹീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): 2011-ലെ കേരള പൊതു പാതകൾ (സംഘം ചേരലിനും ജാഥകൾക്കും നിയന്ത്രണം ഏർപ്പെടുത്തൽ) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: 2011-ലെ കേരള പൊതു പാതകൾ (സംഘം ചേരലിനും ജാഥകൾക്കും നിയന്ത്രണം ഏർപ്പെടുത്തൽ) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ ഐകകണ്ഠ്യേന പാസ്സായിരിക്കുന്നു.

പ്രതിപക്ഷത്തിന്റെയും ഭരണകക്ഷിയുടെയും നല്ല രീതിയിലുള്ള സഹകരണത്തിന് പ്രത്യേകമായി ചെയർ നന്ദി പറയുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആനത്തലവട്ടം ആനന്ദൻ: സർ, ...

മി. സ്പീക്കർ: യെസ്, അങ്ങേയ്ക്ക് പറയാൻ പിന്നീട് അവസരം തരാം.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

VIII ധനകാര്യം

2011-2012 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിനെ സംബന്ധിക്കുന്ന പൊതുചർച്ച (തുടർച്ച)

ശ്രീ. കെ. വി. കുഞ്ഞിരാമൻ: സർ, ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ ഈ കാലയളവിലെ അവസാനത്തെ ബഡ്ജറ്റാണ് കഴിഞ്ഞ പത്താം തീയതി ഈ സഭയിൽ ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ചത്. ഏറെ ആഹ്ലാദത്തോടെയും അതിലേറെ സന്തോഷത്തോടെയുമാണ് ഈ ബഡ്ജറ്റിനെ കേരളത്തിലെ പൊതുസമൂഹം സ്വീകരിച്ചിട്ടുള്ളത്. നികുതി നൽകുന്ന കാര്യത്തിലും അത് പിരിച്ചെടുക്കാൻ ശ്രമിക്കുമ്പോഴുണ്ടാകുന്ന പ്രശ്നങ്ങളിലുമെല്ലാം വ്യത്യസ്ത നിലപാട് സ്വീകരിക്കുന്ന വ്യാപാരി വ്യവസായി സമൂഹമുൾപ്പെടെ ക്രിയാത്മകവും വികസനോന്മുഖവും ആയ ബഡ്ജറ്റ് എന്ന നിലയിലാണ് ഇതിനെ വിലയിരുത്തിയിട്ടുള്ളത്. അഞ്ചു വർഷം മുമ്പ് യു.ഡി.എഫ്. ഗവൺമെന്റ് അവസാന വർഷത്തെ ബഡ്ജറ്റ് അവതരിപ്പിച്ച നിമിഷം എന്റെ മനസ്സിലുണ്ട്. അന്ന് ശ്രീ. വക്കം പുരുഷോത്തമൻ നടത്തിയ പ്രസംഗം, നിരന്തരമായ ട്രഷറി അടച്ചുപൂട്ടലും നിത്യനിദാനച്ചെലവുകൾക്കുപോലും കൈവായ്പ വാങ്ങേണ്ടിവരികയും ചെയ്യുന്ന നിസ്സഹായനായ ഒരു ധനകാര്യ വകുപ്പുമന്ത്രിയുടെ അങ്ങേയറ്റം പിടിപ്പുകേടു നിറഞ്ഞ, അങ്ങേയറ്റം തെറ്റായ സമീപനങ്ങളുള്ള ഒരു ബഡ്ജറ്റാണ് അവതരിപ്പിച്ചത്. ആ പ്രസംഗത്തിൽ അദ്ദേഹം ഇനി ഞാൻ മത്സരിക്കുന്നില്ല എന്നൊക്കെ പ്രഖ്യാപിക്കുകയും ചെയ്തു. ഐക്യജനാധിപത്യ മുന്നണിക്ക് കൃത്യമായ ബോദ്ധ്യമുണ്ടായിരുന്നു ഇനി നടക്കുന്ന നിയമസഭാ തെരഞ്ഞെടുപ്പിൽ തങ്ങൾക്ക് ജയിക്കാൻ സാധിക്കില്ല എന്ന്. അത്തരം ഒരു സമീപനമായിരുന്നു ബഡ്ജറ്റിൽ ശ്രീ. വക്കം പുരുഷോത്തമന്റെ ഭാഗത്തുനിന്നും ഉണ്ടായത്. ഞാൻ ഇനി തെരഞ്ഞെടുപ്പ് മത്സരരംഗത്തേയ്ക്ക് ഇല്ല എന്ന് അദ്ദേഹം ആ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിക്കുകയും ചെയ്തു. ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ സഖാവ് വി.എസ്. നേതൃത്വം കൊടുക്കുന്ന ഗവൺമെന്റിനു വേണ്ടി ധനകാര്യ മന്ത്രി ഡോ. തോമസ് ഐസക് കഴിഞ്ഞ അഞ്ചു വർഷക്കാലത്തെ നിരന്തരമായ ഇടപെടലിന്റെ ഭാഗമായി വളരെ ഭദ്രമായ സാമ്പത്തിക സ്ഥിതിയുള്ള ഒരു സംസ്ഥാന ഗവൺമെന്റിന് അവതരിപ്പിക്കാൻ സാധിക്കുന്ന ബഡ്ജറ്റ് തന്നെയാണ് അവതരിപ്പിച്ചത്. ഈ 5 വർഷക്കാലത്തിനിടയിൽ നികുതി വരുമാനത്തിന്റെ വളർച്ചയും നികുതി പിരിച്ചെടുക്കുന്നതിന് ധനകാര്യ വകുപ്പ് കാണിച്ചിട്ടുള്ള ശുഷ്കാന്തിയും നികുതി വരുമാനം ലഭ്യമാക്കുന്നതിനുവേണ്ടി ചെക്ക് പോസ്റ്റുകൾ ഉൾപ്പെടെ നവീകരിച്ചുകൊണ്ട് ഏറ്റവും ആധുനികമായ സൗകര്യങ്ങൾ ഏർപ്പെടുത്തി കൈക്കൂലിക്കാരില്ലാത്ത, അഴിമതിക്കാരില്ലാത്ത ഉദ്യോഗസ്ഥ നിരയെ ചെക്ക് പോസ്റ്റുകളിൽ വിന്യസിപ്പിച്ച്

LIBRARY ARCHIVES Kerala Legislative Assembly